ഉത്തരം

കൊയിലാണ്ടി ഗവൺമെന്റ് ഹൈസ്കൂളിൽ മുൻ മുഖ്യമന്ത്രി സി.എച്ച്. മുഹമ്മദ് കോയയുടെ നാമധേയത്തിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിവേദനം റിപ്പോർട്ടിനായി വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

ഗവൺമെന്റ്, എയ്ഡഡ് ബി.എഡ്. കോളേജുകളിൽ സീറ്റ് വെട്ടിക്കുറയ്ക്കാൻ തീരുമാനം

84 (1120) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗവൺമെന്റ്, എയ്ഡഡ് ബി.എഡ്. കോളേജുകളിൽ ബിഎഡ്. സീറ്റുകൾ വെട്ടിക്കുറച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ശതമാനം സീറ്റുകൾ കുറയ്ക്കാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത തീരുമാനം കൈക്കൊണ്ട സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ ;

(സി) ആയതിൻപ്രകാരം സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഏത് തരത്തിലുള്ള മാറ്റമാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(ഡി) മതിയായ പഠനങ്ങൾ നടത്താതെയും അശാസ്ത്രീയവുമായിട്ടാണ് ഇത്തരം മാറ്റം നടപ്പിലാക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) സീറ്റുകൾ വെട്ടിക്കുറയ്ക്കുന്നത് വിദ്യാർത്ഥികളുടെ അവസരം കുറയ്ക്കുമെന്ന സാഹചര്യത്തിൽ തീരുമാനം പുനഃപരിശോധിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ-ഡി) നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (NCTE)-ന്റെ പരിഷ്കരിച്ച നിബന്ധനകൾ പ്രകാരം ട്രെയിനിംഗ് കോളേജുകളിൽ ബി.എഡ്. കോഴ്സിന് ഒരു യൂണിറ്റിന് 50 സീറ്റുകൾ വീതമേ പാടുള്ളുവെന്നും ഒരു കോളേജിൽ ഇത്തരത്തിലുള്ള പരമാവധി 2 യൂണിറ്റുകളേ അനുവദിക്കാൻ പാടുള്ളുവെന്നും നിഷ്കർഷിക്കുകയുണ്ടായി. കൂടാതെ പ്രതിവർഷം 2 യൂണിറ്റ് (100 സീറ്റ്) ബി.എഡ്. കോഴ്സ് നടത്തുന്നതിന് 16 അദ്ധ്യാപക തസ്തികകൾ വേണമെന്നും അനുശാസിക്കുന്നു. എന്നാൽ 1 യൂണിറ്റ് (50 സീറ്റ്) ബി.എഡ്. കോഴ്സ് നടത്തുന്നതിന് 8 അദ്ധ്യാപക

LIBRARY ARCHIVES Kerala Legislative Assembly

തസ്തികകൾ മതിയാകും. കേരളത്തിലെ സർക്കാർ/എയ്ഡഡ് ടെയിനിംഗ് കോളേജുകളിൽ മിക്കവയിലും നിലവിൽ 2 യൂണിറ്റ് (പ്രതിവർഷം 100 സീറ്റ്) നടത്തുന്നതിനാവശ്യമായ 16 അദ്ധ്യാപക തസ്തികകൾ ലഭ്യമല്ല. പ്രതിവർഷം 2 ബി.എഡ്. യൂണിറ്റുകൾ അനുവദിക്കണമെങ്കിൽ മിക്ക ടെയിനിംഗ് കോളേജുകളിലും കൂടുതൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കേണ്ടതായിവരും. ഇത് സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയെ ഗുരുതരമായി ബാധിക്കുമെന്നതിനാൽ നിലവിലുള്ള അദ്ധ്യാപക തസ്തികകൾ വച്ച് കോഴ്സുകൾ നടത്തിക്കത്തക്ക വിധത്തിൽ, നിലവിലുള്ള ഓപ്ഷണൽ സബ്ജക്ടുകൾ നിലനിർത്തിക്കൊണ്ട് ഓരോ കോളേജിലും ഓരോ യൂണിറ്റ് (50 സീറ്റ്) വീതം ബി.എഡ്. കോഴ്സ് നടത്തുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള അദ്ധ്യാപക തസ്തികകളിൽ കുറവ് വരുത്തേണ്ടതില്ല എന്നും തീരുമാനിച്ചിട്ടുണ്ട്. ടെയിനിംഗ് കോളേജുകൾ നടത്തുന്നതിന് NCTE നിബന്ധനകൾ പൂർണ്ണമായും പാലിക്കേണ്ടതുണ്ട് എന്ന സാഹചര്യത്തിലാണ് സർക്കാർ ഈ തീരുമാനമെടുത്തത്.

(ഇ) നിലവിൽ ബി.എഡ്. അഡ്മിഷൻ പൂർത്തിയാകുമ്പോഴും സർക്കാർ/എയ്ഡഡ് ടെയിനിംഗ് കോളേജുകളിലും സ്വാശ്രയ ടെയിനിംഗ് കോളേജുകളിലും ബി.എഡ്.-ന് സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ട്. ആയതിനാൽ നിലവിൽ സീറ്റുകളുടെ എണ്ണത്തിലുണ്ടായ കുറവ് വിദ്യാർത്ഥികളുടെ അവസരം നഷ്ടപ്പെടുത്താൻ സാദ്ധ്യതയില്ല.

കോഴിക്കോട് ഡി.ഡി.ഇ. ഓഫീസിലെ ക്രമക്കേട്

85 (1121) ശ്രീ. കെ. കഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഡി.ഡി.ഇ. ഓഫീസിൽ നടന്ന അഴിമതിയിലും ക്രമക്കേടിലും എത്ര ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി എടുത്തു എന്നും അവർ ആരൊക്കെയാണെന്നും വെളിപ്പെടുത്താമോ ;

(ബി) ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഏതൊക്കെ ഉദ്യോഗസ്ഥരുടെ പേരിലാണ് വിജിലൻസ് അന്വേഷണം നടന്നുവരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) വിജിലൻസ് അന്വേഷണം നേരിടുന്ന ജീവനക്കാർ ഇപ്പോൾ ജോലിയിലുണ്ടോ എന്നും ഉണ്ടെങ്കിൽ ഏത് ഓഫീസിലെന്നും ഏത് തസ്തികയിലാണ് ഇവർ ജോലി ചെയ്യുന്നത് എന്നും വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly